പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1750 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ ടയർ റീട്രേഡിംഗ് തസ്തികയിലെ നിയമന രീതി

ചോദ്യം
ശ്രീ. എം.ഉമ്മർ

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ടയർ റീട്രേഡിംഗ് തസ്തികയിൽ നിലവിൽ എത്രപേർ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്; സ്ഥിരം ജീവനക്കാരുടെയും താല്ക്കാലിക ജീവനക്കാരുടെയും എണ്ണം റീജിയണൽ വർക്ക്ഷോപ്പ് തിരിച്ച് ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ടയർ റീട്രേഡിംഗ് തസ്തികയിൽ നിലവിൽ 19 സ്ഥിരം ജീവനക്കാരും 74 താൽക്കാലിക ജീവനക്കാരും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്. റീജിയണൽ വർക്ക്ഷോപ്പ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| യൂണിറ്റ് | സ്ഥിരം ജീവനക്കാരുടെ എണ്ണം | താൽക്കാലിക ജീവനക്കാരുടെ എണ്ണം |
|---|---|---|
| സെൻട്രൽ വർക്ക്സ് പാപ്പനംകോട് | 4 | 21 |
| RW ആലുവ | 9 | 28 |
| RW എടപ്പാൾ | 6 | 25 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത തസ്തികയിൽ സ്ഥിരം ജീവനക്കാരുടെ എത്ര ഒഴിവുകൾ നികത്താനുണ്ട്; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത തസ്തികയിൽ സ്ഥിരം ജീവനക്കാരുടെ 181 ഒഴിവുകൾ നികത്താനുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിലേക്കുള്ള നിയമന രീതി ഏതു തരത്തിലാണെന്ന് വിശദമാക്കാമോ; | (സി) | മുൻ കാലങ്ങളിൽ താഴ്ന്ന തല തസ്തികയിലെ ജീവനക്കാരിൽ നിന്നും ടെസ്റ്റ് നടത്തി സെലക്ഷൻ മുഖേനയാണ് ടയർ റീട്രേഡർമാരെ നിയമിച്ചിരുന്നത്. എന്നാൽ 2012-ലെ സേവനവേതന കരാർ പ്രകാരം ടയർ റീട്രേഡർ തസ്തികയിലെ നിയമനം പി.എസ്.സി മുഖേന നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് മുന്നോടിയായി റെഗുലേഷൻ പുന:നിർണ്ണയിച്ച് പി.എസ്.സി യിൽ നിന്നും അംഗീകാരം ലഭ്യമാകേണ്ട തുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എംപാനലായി എട്ടു വർഷത്തിലധികം സേവനം പൂർത്തിയാക്കിയ ജീവനക്കാരുടെ വിശദാംശം നൽകുമോ; | (ഡി) | പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എംപാനലായി 8 വർഷം സേവനം പൂർത്തിയാക്കിയ 25 ജീവനക്കാരുണ്ട്. |
| (ഇ) | പ്രസ്തുത ജീവനക്കാരെ സ്ഥിരം തസ്തികയിൽ ഉൾപ്പെടുത്തി സ്ഥിര പ്പെടുത്തുന്നതിന് നടപടികൾ സ്വീ കരിക്കുമോ; ഇല്ലെങ്കിൽ അതി നുള്ള സാങ്കേതിക തടസ്സം എന്തെ ല്ലാമാണെന്ന് വിശദമാക്കാമോ? | (ഇ) | പ്രസ്തുത ജീവനക്കാരെ സ്ഥിരം തസ്തികയിൽ ഉൾപ്പെടുത്തി സ്ഥിരപ്പെടുത്തുന്നതിന് നടപടി കൾ സ്വീകരിക്കാൻ നിലവിൽ നിർവ്വാഹമില്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെട്ടു ത്തുന്നതിനുള്ള സർക്കാർ ഉത്തരവ് GO(MS)No.78/2011/Trans തീയതി. 22.12.2011 പ്രകാരം കെ. എസ്. ആർ. ടി. സിയിൽ 22.12.2011 തീയതിയിൽ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക് തസ്തികകളിൽ 10 വർഷംതാൽക്കാലിക സേവനം പൂർത്തിയാ ക്കിയ ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തുന്ന തിനായി നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ടയർ റീട്രേഡർമാർ 22.12.2011 തീയതിയിൽ 10 വർഷം താൽക്കാലിക സേവനം പൂർത്തിയാ ക്കിയിട്ടില്ലാത്തതിനാൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. കൂടാതെ, അപ്പീൽ (സിവിൽ) 3595-3612/1999 സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി കേസിലെ ബഹു. സുപ്രീം കോടതിയുടെ 10-04-2006-ലെ വിധിയുടെ അടിസ്ഥാനത്തിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിയമതടസവുമുണ്ട്. |

**സെക്ഷൻ ഓഫീസർ**